(സി & ഡി)) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഇ) എണ്ണം കണക്കാക്കിയിട്ടില്ല.

(എഫ്) എയ്ഡഡ് ബി.എഡ്. കോളേജുകളും ടി.ടി.ഐ.-കളും മുസ്ലിം സമുദായത്തിന് ജനസംഖ്യാനുപാതികമായി ലഭിച്ചിട്ടുണ്ടോ എന്ന് വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചിട്ടില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെന്റ് കോളേജുകളിലെ ഇംഗ്ലീഷ് അദ്ധ്യാപകരുടെ നിയമനം

8 [1109] ശ്രീ. സി. മമ്മൂട്ടി :

,, സി. ടി. അഹമ്മദ് അലി :

,, പി. കെ. കെ. ബാവ :

,, പി. കെ. അബ്ദുറബ്ബ് :

,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ;

(ബി) ഇവ എവിടെയെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത് നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത് ;

(ഡി) എന്നേക്ക് പ്രസ്തുത തസ്തികകൾ നികത്തുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ 8 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) ഗവൺമെന്റ് കോളേജ്, മൊകേരി — 1
ഗവൺമെന്റ് കോളേജ്, കാസർകോട് — 4
ഗവൺമെന്റ് കോളേജ്, പാലക്കാട് — 2
ഗവൺമെന്റ് കോളേജ്, മാനന്തവാടി — 1

(സി & ഡി) ഇവ നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കോളേജുകളിൽ നിന്നും വർക്ക് ലോഡ് സ്റ്റേറ്റുമെന്റ് ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഒഴിവുകൾ കെ.പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തുന്നതുമാണ്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—III

17-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7 [1108]-ന്റെ ഉത്തരം കാണുക

	ജില്ല	ടി.ടി.ഐ.-കളുടെ എണ്ണം		
		ഗവണ്മെന്റ്	എയ്ഡഡ്	സ്വാശ്രയം
1.	തിരുവനന്തപുരം	4	5	16
2.	കൊല്ലം	2	6	19
3.	പത്തനംതിട്ട	1	9	1
4.	ആലപ്പുഴ	3	6	3
5.	കോട്ടയം	3	7	5
6.	ഇടുക്കി	3	2	1
7.	എറണാകുളം	4	10	5
8.	തൃശ്ശൂർ	2	7	6
9.	പാലക്കാട്	3	4	9
10.	മലപ്പുറം	2	3	17
11.	കോഴിക്കോട്	3	2	8
12.	വയനാട്	2	1	2
13.	കണ്ണൂർ	4	0	7
14.	കാസർഗോഡ്	2	1	1
	ആകെ	38	63	100

LIBRARY ARCHIVES Kerala Legislative Assembly